


Week -1

# Weekly Thoughts Of June-2015

## A New Song of Praise

**(യഹോവയ്ക്ക് ഒരു പുതിയ പാട്ട്)- സങ്കീ: (40:3)**

ഒരു കടുത്ത ശൈത്യകാലം , ആ നാടോടിക്ക് തല ചായ്ക്കുവാൻ ഒരിടം കിട്ടിയില്ല. അയാൾ ഒരു വലിയ വീട്ടിൽ അഭയം ചോദിച്ചു. അവർ ആ വീട്ടിലെ ഉപയോഗശൂന്യമായ സാധനങ്ങൾ കൂട്ടിയിട്ടിരിക്കുന്ന താഴത്തെനില കാട്ടികൊടുത്തു. ആ വീട്ടിലെ ആളുകൾ പിറ്റേന്ന് രാവിലെ ഉണർന്നത് ഹൃദയഹാരിയായ ഒരു സംഗീതം കേട്ടാണ്. താഴത്തെനിലയിൽ കൂട്ടിയിട്ടിരുന്ന വസ്തുക്കളുടെ ഇടയിൽ ഒരു പൊട്ടിയ കിന്നരം ഉണ്ടായിരുന്നു. അതിൽ നിന്നും ആ നാടോടി ഉതിർത്തതായിരുന്നു ആ സംഗീതം. അത്ഭുതത്തോടെ തന്നെ നോക്കിനിൽക്കുന്നവർ കണ്ടത് അവർ തള്ളിക്കളഞ്ഞ പൊട്ടിയകിന്നരം നന്നാക്കി ഉപയോഗിക്കുന്ന നാടോടിയെയാണ്. “ ഞാൻ ഇത് ഉണ്ടാക്കിയവനാകയാൽ ഇതിന്റെ ന്യൂനത നികത്താനും , ഉപയോഗിപ്പാനും എനിക്ക് കഴിയും” എന്ന് അദ്ദേഹം പറഞ്ഞു. കിന്നരം നന്നാക്കിയ നാടോടി അലങ്കോലമായി കിടന്നത് വൃത്തിയാക്കുകയും ചെയ്തു. ഇതുപോലെയാണ് നമ്മുടെ കർത്താവും . നമ്മുടെ ജീവിതത്തിലേക്ക് കടക്കുവാൻ ആ വാതിൽ ഒന്ന് തുറന്ന് കൊടുക്കുമോ?

നമ്മുടെ പാപപ്രകൃതിയാണ് നമ്മിലെ പാട്ട് ഇല്ലാതാക്കുന്നത്. നമ്മിലെ പാട്ടുതീർന്നാൽ നാം പാഴ്വസ്തുക്കളാകുന്നു. എന്നാലും അവൻ നമ്മെ സ്നേഹിക്കുന്നു. പാഴ്വസ്തുക്കളാകുമ്പോൾ ലോകത്തിലെ മലിനതകളും നമ്മോടു ചേരുകയും നാം മലിനതകളുടെ

കൂമ്പാരമായി മാറുകയും ചെയ്യുന്നു. എന്നാൽ യജമാനന് നമ്മുടെ ഉള്ളിൽ പ്രവേശിപ്പാൻ നാം അനുവാദം നൽകിയാൽ , നമ്മുടെ ജീവിതത്തെ അവൻ പുതിയതാക്കി മാറ്റും. അവന്റെ സ്നേഹം നമ്മിലേക്ക് പകരുകയും നമ്മുടെ ബലഹീനതകൾ മാറു കയും ചെയ്യുന്നു. സകലത്തിലും അവൻ നമ്മെ ഉയർത്തുമ്പോൾ ആനന്ദത്തോടെ നാം അവനെ സ്തുതിക്കുവാൻ മറക്കരുത്.

Read എഫേ:(5:19-20)

ചിലപ്പോൾ ദൈവകരം ചലിക്കുന്നത് നമുക്കു കാണാം. ചിലപ്പോൾ മേഘം (പ്രശ്നങ്ങൾ) അതിനെ മറയ്ക്കും. സ്തുതി നാവിൽ നിന്ന് ഉയർത്തുക, ഭയത്തിന്റെ ആവശ്യം ഇല്ല. നിങ്ങളുടെ ജീവിതത്തിലെ പഴയതെല്ലാം മാറ്റി , പുതിയ നന്മകൾ അവൻ ചെയ്തതോർത്ത് പുതിയ പാട്ടുപാടുക. സ്വർഗ്ഗീയ മധുരഗാനം പാടുവാൻ സാധിക്ക ണമെങ്കിൽ നാം ഉയരത്തിലുള്ളത് ചിന്തിക്കണം. ഭൗമീക സന്തോഷ ത്താൽ ആകൃഷ്ടരായി നമ്മുടെ പാട്ട് നിന്നുപോകാനിടയാകരുത്. കണ്ണ് പർവ്വത്തിലേക്കുയർത്തി വാനമ്പാടിയെപ്പോലെ മധുരഗാനം പാടുക.

വാനമ്പാടി കൂട്ടിലിരുന്ന് ഒരിക്കലും പാടാറില്ല . എപ്പോൾ അത് ചിറകുവിരിച്ച് മുകളിലേക്കുയരുന്നുവോ അപ്പോൾ മുതൽ അത് പാടുവാൻ തുടങ്ങും.ഉയരത്തിലേക്കു പോകുന്തോറും ഉച്ച ത്തിലുള്ളതും മധുരമുള്ളതുമായ പാട്ട് കേൾക്കുവാൻ കഴിയും. യിസ്രായേലിന്റെ മധുരഗായകനായ ദാവീദ് പറയുന്നത് 'യഹോവ യുടെ ആത്മാവ് എന്നോടു സംസാരിക്കുമ്പോൾ അവന്റെ വചനം എന്റെ നാവിൻമേൽ വരുന്നു. അപ്പോൾ പുതിയപാട്ട് എന്റെ നാവിൽ വരുന്നു'. എപ്പോഴും ക്രിസ്തുവിൽ സന്തോഷിക്കുന്ന പുതിയ പാട്ടുകാരാകുവാൻ സൃഷ്ടാവാം ദൈവം കൃപചെയ്യട്ടെ.

## പ്രാർത്ഥന

പിതാവാം ദൈവമേ! അങ്ങയുടെ കൃപയ്ക്കായി സ്തോത്രം. എന്റെ അവസ്ഥയ്ക്ക് മാറ്റം വരുത്തി എന്റെ നാവിൽ പുതുഗാനം ആലപി

ഷ്ടാൻ തന്ന സ്നേഹത്തിന് നന്ദി അപ്പാ. യേശുവിൻ നാമത്തിൽ തന്നേ .

ആമേൻ

Santhamma Varghese